**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-മെഡിക്കൽ വിദ്യാഭ്യസം-അക്കാഡമിക്- ആശുപത്രികളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി സർക്കാർ മെഡിക്കൽ കോളേജുകളിൽ - നോണ് അക്കാഡമിക് റസിഡൻസ് മാരെ നിയമിക്കുന്നതിന് - അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എസ് ) വകുപ്പ്**

സ.ഉ.(സാധാ) നം.2768/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 09/12/2021

പരാമർശം:- 1. മെഡിക്കൽ വിദ്യാഭ്യസ ഡയറക്ടറുടെ 08/12/2021-ലെ B9/5217/2021/DME നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**പരാമർശ കത്ത് പ്രകാരം** SEBC, EWS സംവരണ വ്യവസ്ഥകളിന്മേലുള്ള ഹർജികൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ 2021 വർഷത്തെ മെഡിക്കൽ പി.ജി. പ്രവേശനം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നും, ഇപ്പോൾ മൂന്നാം വർഷം പഠനം നടത്തുന്ന പി.ജി. വിദ്യാർത്ഥികളുടെ അവസാന വർഷ പരീക്ഷ നടന്നു വരുന്നുവെന്നും പരീക്ഷ അവസാനിച്ചാൽ അവരുടെ സേവനവും ആശുപത്രികൾക്ക് നഷ്ടമാകുന്ന അവസ്ഥയുണ്ടാകുന്നുവെന്നും ഇവയെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളുടെ സുഗമമായ പ്രവർത്തനം പ്രതികൂലമായി ബാധിക്കുന്നുവെന്നും റിപ്പോർട്ട് ലഭിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത റിപ്പോർട്ടിൻ്റെയും പീ ജീ വിദ്യാർത്ഥികളുടെ സംഘടനാ പ്രതിനിധികളുമായി 07/12/2021-ൽ നടന്ന ചർച്ചയുടെയും അടിസ്ഥാനത്തിൽ അത്യാവശ്യം എന്ന് കണ്ടെത്തിയ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ, 2021 വർഷത്തെ മെഡിക്കൽ പി.ജി. പ്രവേശനം നടക്കുന്നതുവരെ, താഴെപ്പറയും പ്രകാരം നോൻ അക്കാഡമിക് ജൂനിയർ റസിഡൻസ് മാരെ (Non Academic Junior Residents) നിയമിക്കുന്നതിനും, ഇപ്രകാരം നിയമിക്കപ്പെടുന്നവർക്ക് പ്രതിമാസം 45,000/- രൂപ കണക്കാക്കി വേതനം നിശ്ചയിച്ച് നൽകാവുന്നതും ഇതിനായുള്ള ചിലവ് പി.ജി.വിദ്യാർത്ഥികളുടെ Stipend & Scholarship എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും പ്രിൻസിപ്പൽമാർക്കു അനുവാദം നൽകിയും ഉത്തരവാകുന്നു.

| സർക്കാർ മെഡിക്കൽ കോളേജ് | ജൂനിയർ റെസിഡൻ്റുമാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 50 |
| കോഴിക്കോട് | 72 |
| തൃശ്ശൂർ | 72 |
| കോട്ടയം | 75 |
| ആലപ്പുഴ | 61 |
| എറണാകുളം | 7 |

| | |
|---|---|
| കണ്ണൂർ | 36 |
| ആകെ | 373 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

***Dr ആഷ തോമസ് ഐ എ എസ്***

***അഡീഷണൽ ചീഫ് സെക്രട്ടറി***

മെഡിക്കൽ വിദ്യാഭ്യസ ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ , കേരള ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും(ഡി.എം.ഇ മുഖാന്തിരം )
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഗവ.സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Anil Kumar.d
Date: 09-12-2021 22:14:47
Reason: Approved

സെക്ഷൻ ഓഫീസർ